പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 343

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ആറാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 343

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ആറാം ഭേദഗതി) ബിൽ

586/2010.

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ആറാം ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പഞ്ചായത്ത് രാജ് (ആറാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) 1-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "വ്യവസായ പ്രദേശങ്ങളുടെയും" എന്ന വാക്കുകൾക്കുപകരം "ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന പ്രകാരം വ്യാവസായിക പട്ടണമായി വിനിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 1-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന് വ്യവസായ പ്രദേശങ്ങളിൽ വ്യാപ്തിയുണ്ടായിരിക്കുന്നതല്ല. ഇത് വ്യവസായ പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ പ്രശ്നപരിഹാരങ്ങൾക്കും ക്ഷേമത്തിനുംവേണ്ടി ഇടപെടാനുള്ള പഞ്ചായത്തുകളുടെ അധികാരങ്ങളെയും അവയുടെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ പ്രസ്തുത ആക്റ്റ് ഭാരതത്തിന്റെ ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദത്തിന്റെ

(1)-ാം ഖണ്ഡത്തിനുള്ള ക്ലിപ്ത നിബന്ധന പ്രകാരം വ്യാവസായിക പട്ടണമായി വിനിർദ്ദേശിച്ചിട്ടുള്ള വ്യവസായ പ്രദേശങ്ങൾക്ക് മാത്രം ബാധകമാകാത്ത രീതിയിൽ ആക്റ്റിന്റെ 1-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ (1994-ലെ 13)

** ** **

### അദ്ധ്യായം 1

### പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നുപേർ പറയാം.

(2) ഇതിന്, കേരള സംസ്ഥാനത്തെ കന്റോൺമെന്റുകളുടെയും നഗര പഞ്ചായത്തുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും വ്യാവസായ പ്രദേശങ്ങളുടെയും അതിർത്തികൾക്കുള്ളിലുള്ള പ്രദേശങ്ങളൊഴികെ കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ് :

എന്നാൽ ഈ ആക്റ്റിലെ XXVബി, XXVസി, എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾക്ക് കേരള സംസ്ഥാനത്തെ നഗര പഞ്ചായത്തുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അതിർത്തിക്കുള്ളിലെ പ്രദേശങ്ങളിൽ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

എന്നാൽ 235 എ മുതൽ 235 ഇസഡ് വരെയുള്ള വകുപ്പുകൾ 2006 ജനുവരി മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

** ** **